# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി:06.08.2020

## പത്രക്കുറിപ്പ്

## കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് കോവിഡ് കാലത്ത് നൽകേണ്ട ആനുകൂല്യം സംബന്ധിച്ച് നൽകിയ പെറ്റിഷനിന്മേലുള്ള (OP.19/2020) പൊതുതെളിവെടുപ്പ് 19.08.2020 ബുധനാഴ്ച 11 മണിക്കും വൈദ്യുതി ഉപഭോക്താക്കൾക്കായുള്ള ഒറ്റതവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച പെറ്റിഷനിന്മേലുള്ള (OP.21/2020) പൊതുതെളിവെടുപ്പ് 21.08.2020 വെള്ളിയാഴ്ച 11 മണിക്കും വീഡിയോ കോൺഫറൻസ് മുഖാന്തിരം നടത്തുന്നതാണ്

പ്രസ്തുത തെളിവെടുപ്പുകളിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കുന്നതിന് താല്പര്യമുള്ള ഉപഭോക്താക്കളും പൊതുജനങ്ങളും തെളിവെടുപ്പു നിശ്ചയിച്ചിട്ടുള്ള തീയതിക്ക് 3 ദിവസം മുൻപായി ഏത് തെളിവെടുപ്പിനാണോ പങ്കെടുക്കേണ്ടത് ആയതിന്റെ വിവരം, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവ സഹിതം ഇ-മെയിൽ മുഖാന്തിരം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ് (kserc@erckerala.org) വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നതിനാവശ്യമായ ലാപ്ടോപ്പ്/ഡെസക്ടോപ്പ് /കമ്പ്യൂട്ടർ/സ്മാർട്ട് ഫോൺ/ടാബ്, ഇന്റർനെറ്റ് സൗകര്യം എന്നിവ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ കരുതേണ്ടതാണ്. വീഡിയോ കോൺഫറൻസിനുള്ള സമയക്രമവും ലിങ്കും ഇ-മെയിൽ മുഖാന്തിരം പൊതുതെളിവെടുപ്പിന് മുൻപായി അറിയിക്കുന്നതായിരിക്കും. മേൽ വിഷയങ്ങളിൽ പൊതുജനങ്ങൾക്കും മറ്റു ബന്ധപ്പെട്ടവർക്കും തങ്ങളുടെ അഭിപ്രായം തപാൽ അല്ലെങ്കിൽ ഇ-മെയിൽ (kserc@erckerala.org) മുഖാന്തരം തെളിവെടുപ്പ് തീയതി കഴിഞ്ഞ് 3 ദിവസത്തിനകം സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന് നൽകാവുന്നതാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരം കമ്മീഷന്റെ വെബ്സൈറ്റായ www.erckerala.orgൽ ലഭ്യമാണ്.

സെക്രട്ടറി i/c